(സി) അതിനെ സംബന്ധിച്ച് ഗവണ്മെൻറിൽ നിന്നും അന്വേഷണം നടത്തിയിട്ടുണ്ടോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ബോട്ട ഫെയർ കൂട്ടിയതു് 1-1-52 മുതൽക്കാണു്.

(ബി) ഉണ്ടു്.

(സി) ഉണ്ടു്.

തോട്ടപ്പള്ളി സ്പിൽവേയും, തണ്ണീർമുക്കം ബണ്ടും.

* 827. [69] ശ്രീ. പി. നാരായണൻപോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിലെ പുഞ്ചനിലങ്ങളെ സംബന്ധിച്ചിടത്തോളം തോട്ടപ്പള്ളി സ്പിൽവേയുടെയും, പണിയാരംഭിക്കാനുദ്ദേശിച്ചിരിക്കുന്ന തണ്ണീർമുക്കം ചിറ (water carrier) യുടെയും പ്രവർത്തനം എത്രമാത്രം പരസ്പരാപേക്ഷിതമായിട്ടാണിരിക്കുന്നതു് (inter related);

(ബി) ആദ്യത്തേതിൻറെ പണി പൂർത്തിയായിക്കഴിഞ്ഞിട്ടും രണ്ടാമത്തേതിൻറെ പണി ഇതുവരെ ആരംഭിക്കാത്തതിനു കാരണമെന്തു് ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) കുട്ടനാട്ടിലെ പുഞ്ചനിലങ്ങൾക്കു് സ്പിൽവേയും, തണ്ണീർമുക്കം ബണ്ടും പണിതീർന്നാലെ വെള്ളപ്പൊക്കം, ഉപ്പുവെള്ളം കയറൽ മുതലായവകൊണ്ടുള്ള കൃഷിനാശം സംഭവിക്കാതിരിക്കുകയുള്ളു. സ്പിൽവേ കെട്ടിത്തീർന്നതോടുകൂടി വെള്ളപ്പൊക്കം കൊണ്ടുള്ള കെടുതിക്കു് നിവാരണമുണ്ടായെങ്കിലും ബണ്ടുകെട്ടുന്നതുവരെ ഉപ്പുവെള്ളംകൊണ്ടും മറ്റുമുള്ള നാശം തുടർന്നുകൊണ്ടിരിക്കും.

(ബി) തണ്ണീർമുക്കം ബണ്ടു കെട്ടിയാൽ കൊച്ചിതുറമുഖത്തിനു് നാശം സംഭവിക്കുമെന്നുള്ള തുറമുഖഅധികാരികളുടെ ആശങ്കയെ അടിസ്ഥാനമാക്കി കേന്ദ്രഗവണ്മെൻറു് ആവശ്യപ്പെട്ടതനുസരിച്ചാണു് ഈ ജോലി ആരംഭിക്കാതിരിക്കുന്നതു്.

മിനിമം വേജസു്.

* 828. [70] ശ്രീ. എൻ. പരമേശ്വരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പൽ തൊഴിലാളികൾക്കു് മിനിമം വേജസു് നിശ്ചയിച്ചുകൊണ്ടുള്ള ഗവണ്മെൻറുത്തരവു് നടപ്പിൽ വരുത്താത്ത മുനിസിപ്പാലിറ്റികൾ ഏതെല്ലാം ;

(ബി) ഇപ്രകാരമുള്ള മുനിസിപ്പാലിറ്റികളിൽ ടി ഉത്തരവു് നടപ്പിൽ വരുത്താൻ ഗവണ്മെൻറിൽനിന്നും വല്ല നടപടിയും എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഫലമെന്തു് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ചങ്ങനാശ്ശേരി.

(ബി) ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടു്. ഉടനെ നടപ്പിൽ വരുത്തുമെന്നു് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly